(ഇ) ഇക്കാര്യത്തിൽ സർക്കാർ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വെളിപ്പെടുത്തുമോ ?

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) :

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) ഉണ്ട്.

(ഡി) വിവിധ സ്ഥാപനങ്ങൾക്ക് അനുവദിച്ച പദ്ധതികൾ താഴെ പറയുന്നവയാണ്.

ഉള്ളൂങ്കൽ (7 മെ.വ), കാരിക്കയം (15 മെ.വാ)	ട്രാവൻകൂർ ഇലകട്രോ സ്മെൽറ്റ്സ്ലിമിറ്റഡ്
കുത്തുങ്കൽ (21 മെ. വാ)	ഇൻഡ്സിൽ ഇലക്ട്രോ സ്മെൽറ്റ്സ് ലിമിറ്റഡ്
ഭൂതത്താൻകെട്ട് (16 മെ. വാ)	സിൽക്കാൽ മെറ്റലർജിക് ലിമിറ്റഡ്
മണിയാർ (12 മെ. വാ)	കാർബോറാണ്ടം യൂണിവേഴ്സൽ ലിമിറ്റഡ്

(ഇ) വ്യവസായ സ്ഥാപനങ്ങൾക്ക് സ്വന്തമായി ജല വൈദ്യുതപദ്ധതികൾ ആരംഭിക്കുന്നതിന് അനുമതി നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ ഗവൺമെന്റ് പുതുക്കി നിശ്ചയിക്കാൻ ആലോചിക്കുകയാണ്. ഇതിനായി നിയോഗിച്ച സ്റ്റിയറിംഗ് കമ്മിറ്റി ഇക്കാര്യം ചർച്ച ചെയ്തു റിപ്പോർട്ട് ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്. സർക്കാർ ഇത് പരിശോധിച്ചുവരുന്നു.

തൊഴിലാളികൾക്ക് ആനുകൂല്യങ്ങളും പരിരക്ഷയും ഉറപ്പാക്കുന്നതിന് നടപടി

16 (*496) ശ്രീ. കെ. മുഹമ്മദാലി
ശ്രീ. ബി. വിജയകുമാർ :
ശ്രീ. വി. ജെ. പൗലോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിവിധ തൊഴിൽ നിയമങ്ങൾ അനുസരിച്ചുള്ള പരിരക്ഷയും ക്ഷേമ പദ്ധതികളുടെ ആനുകൂല്യങ്ങളും തൊഴിലാളികൾക്ക് യഥാസമയം ലഭ്യമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) ഓരോ മേഖലയ്ക്കും നിശ്ചയിക്കപ്പെട്ട കുറഞ്ഞ കൂലി തൊഴിലാളികൾക്ക് ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്താൻ എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(ഡി) തൊഴിൽ നിയമങ്ങളുടെ ശരിയായ പരിപാലനം ഉറപ്പു വരുത്തുവാനും തൊഴിൽ നിയമങ്ങൾ നടപ്പാക്കാത്ത സ്ഥാപനങ്ങളുടെ മേൽ നടപടിയെടുക്കുന്നതിനും എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. പി. രാമകൃഷ്ണപിള്ള) :

(എ) വിവിധ തൊഴിൽ നിയമങ്ങൾ അനുസരിച്ചുള്ള പരിരക്ഷ നൽകുന്നതിനായി തൊഴിൽ വകുപ്പിലെ പരിശോധനാ ഉദ്യോഗസ്ഥന്മാർ കർശനമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. അഞ്ചോ അതിൽ കൂടുതലോ തൊഴിലാളികൾ ജോലി ചെയ്യുന്ന സ്ഥാപനങ്ങളിൽ തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥൻമാർ സ്കാഡ് പരിശോധന നടത്തി തൊഴിൽ നിയമങ്ങൾ നടപ്പിലാക്കുന്നു എന്നുറപ്പ് വരുത്തുന്നുണ്ട്. മിനിമം വേതനം നൽകാത്ത തൊഴിലുടമകൾക്കെതിരെ പ്രോസിക്യൂഷൻ നടപടികൾക്കു പുറമേ ക്ലെയിം പെറ്റീഷനുകൾ സമർപ്പിച്ച് തൊഴിലാളികൾക്ക് മിനിമം കൂലി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. അന്തർ സംസ്ഥാന മൈഗ്രന്റ് തൊഴിലാളി നിയമം ലംഘിച്ച് അനധികൃത റിക്രൂട്ട്മെന്റ് വഴി അന്യസംസ്ഥാനങ്ങളിലേയ്ക്ക് കൊണ്ടു പോയിട്ടുള്ള തൊഴിലാളികൾക്ക് നിയമാനുസരണം ലഭിക്കേണ്ട എല്ലാവിധ ആനുകൂല്യങ്ങളും നൽകാനുള്ള നടപടികളും സ്വീകരിച്ചു വരുന്നുണ്ട്. സംസ്ഥാനത്തെ വിവിധ വിഭാഗം തൊഴിലാളികളുടെ ക്ഷേമത്തിനായി ആരംഭിച്ചിട്ടുള്ള ഓരോ ക്ഷേമനിധി ബോർഡും അതാത് ക്ഷേമനിധി നിയമത്തിലെ വ്യവസ്ഥകൾക്കു വിധേയമായി രൂപീകൃതമായിട്ടുള്ള സ്വതന്ത്രഭരണച്ചുമതലയുള്ള ബോർഡുകളാണ്. ഓരോ ക്ഷേമ പദ്ധതിയും ബന്ധപ്പെട്ട ബോർഡിന്റെ നിയന്ത്രണത്തിലാണ് നടപ്പിലാക്കിയിരിക്കുന്നത്. ഈ ബോർഡുകളിൽ അംഗമായിട്ടുള്ള തൊഴിലാളികൾക്ക് ബോർഡ് വിഭാവനം ചെയ്തിട്ടുള്ള ആനുകൂല്യം യഥാസമയം നൽകിവരുന്നുണ്ട്. തൊഴിലാളികളുടെ ക്ഷേമത്തിനായി നിയമാനുസൃതം ക്ഷേമനിധിയിൽ അടക്കേണ്ട തുകകൾ അടയ്ക്കുന്നതിൽ വീഴ്ച വരുത്തുന്ന തൊഴിലുടമകൾക്കെതിരെ ക്ഷേമനിധി ആക്ട് അനുസരിച്ച് റവന്യൂ റിക്കവറി നടപടി സ്വീകരിക്കുന്നുണ്ട്.

(ബി) ഉണ്ട്.

(സി) കുറഞ്ഞ കൂലി നിയമമനുസരിച്ച് ഇൻസ്പെക്ടർമാർ സ്ഥാപന പരിശോധനകൾ നടത്തുകയും കുറഞ്ഞ കൂലി നൽകാത്ത സ്ഥാപന ഉടമകൾക്കെതിരെ ക്ലെയിം പെറ്റീഷൻ നല്കുകയും പ്രോസിക്യൂഷൻ നടപടികൾ കൈക്കൊള്ളുകയും ചെയ്യുന്നുണ്ട്.

(ഡി) തൊഴിൽ നിയമങ്ങളുടെ ശരിയായ പരിപാലനം ഉറപ്പു വരുത്തുന്നതിനും തൊഴിൽ നിയമങ്ങൾ നടപ്പാക്കാത്ത സ്ഥാപനങ്ങളുടെ മേൽ നടപടി എടുക്കുന്നതിനുമായി തൊഴിൽ വകുപ്പിന്റെ എൻഫോഴ്സ്മെന്റ് വിഭാഗം സമയോചിതവും ഫലപ്രദവുമായ നടപടികൾ സ്വീകരിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly